# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :2893** — **20-03-2015-ൽ മറുപടിക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

**ചോദ്യം** — **ഉത്തരം**

**പ്രൊഫ.സി.രവീന്ദ്രനാഥ്**

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | നിത്യോപയോഗ സാധനങ്ങൾക്ക് ഉത്സവ കാലയളവിൽ ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | ഉൽസവകാലങ്ങളിൽ കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, ഊഹക്കച്ചവടം, കൃത്രിമക്ഷാമം എന്നീ കാരണങ്ങളാൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ നടത്തിവരുന്ന വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി തുടർന്നു വരുന്നുണ്ട്.<br><br>ഓണം, റംസാൻ, ക്രിസ്മസ്, വിഷു തുടങ്ങിയ ഉൽസവകാലങ്ങളിൽ സപ്ലൈകോ കൂടുതൽ സജീവമായി വിപണിയിൽ ഇടപെട്ടുകൊണ്ട് പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായമായ വിലയിൽ ജനങ്ങൾക്ക് ലഭ്യമാക്കി ഈ സമയത്തുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>2014 റംസാൻ - ഓണക്കാലത്ത് 6 മെട്രോ ഫെയറുകൾ, 10 ജില്ലാതല ഫെയറുകൾ, 19 സ്പെഷ്യൽ ഫെയറുകൾ, 126 ഓണം മാർക്കറ്റുകൾ എന്നിവ സപ്ലൈകോ നടത്തുകയുണ്ടായി. ഇതിനുപുറമേ സപ്ലൈകോ വിൽപനശാലകളില്ലാത്ത 50 ഗ്രാമ പഞ്ചായത്തുകളിൽ ഓണം മിനിഫെയറുകൾ നടത്തിയിട്ടുണ്ട്. കൂടാതെ എല്ലാ സപ്ലൈകോ വില്പനശാലകളും ഓണം മിനി ഫെയറുകളായി ഉത്രാടം നാൾ രാത്രി 8 മണി വരെ പ്രവർത്തിച്ചു. |

| | | | |
|---|---|---|---|
| | | | ഇങ്ങനെ സജീവമായി പൊതു വിപണിയിലിടപ്പെട്ട് അവശ്യ ഭക്ഷ്യ വസ്തുക്കൾ ന്യായ വിലയ്ക്ക് ലഭ്യമാക്കി 2014 ഓണക്കാലത്ത് പൊതുവിപണിയിലുണ്ടായിരുന്ന വിലക്കയറ്റം ഒരു പരിധിവരെ ഫലപ്രദമായ രീതിയിൽ നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. 2014 ക്രിസ്മസ് കാലത്ത് 4 മെട്രൊ ഫെയറുകൾ, 3 സ്പെഷ്യൽ ഫെയറുകൾ, എന്നിവയ്ക്കുപുറമെ സപ്ലൈകോയുടെ എല്ലാ ഹൈപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവ ക്രിസ്മസ് മാർക്കറ്റുകളായി പ്രവർത്തിച്ചുകൊണ്ട് സപ്ലൈകോ സജീവമായി പൊതുവിപണിയിൽ ഇടപെട്ടിട്ടുണ്ട്.<br><br>2015 ഈസ്റ്റർ - വിഷുഫെയറുകൾ 1-4-2015 മുതൽ 14-4-2015 വരെ സംഘടിപ്പിക്കുന്നതാണ്. ഈ ഫെയറുകൾ വഴി ഉൽസവകാലത്ത് പച്ചക്കറികൾ ഉൾപ്പെടെ എല്ലാ അവശ്യ ഭക്ഷ്യവസ്തുക്കളും ന്യയമായ വിലയിൽ ലഭ്യമാക്കി ഉൽസവകാലത്തുണ്ടാകാവുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുവാൻ നടപടികളെടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ